## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2530** **12.03.2020-ൽ മറുപടിക്ക്**

## വയനാട് ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. ആർ. കേളു : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) വയനാട് ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എത്ര തൊഴിലാളികൾ ഉണ്ട് എന്ന കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമാണോ; | (എ) യും (ബി) യും ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിലെ (LCAS) ഡാറ്റാ പ്രകാരം വയനാട് ജില്ലയിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത 9823 സ്ഥാപനങ്ങളിലായി 16808 ജീവനക്കാർ (പുരുഷൻമാർ 10536, സ്ത്രീകൾ 6272) ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തൊഴിലാളികളുടെ മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ചുള്ള സ്ത്രീ പുരുഷ വിഭാഗങ്ങളാക്കി വേർതിരിച്ച കണക്ക് ലഭ്യമല്ല. |
| (ബി) ലഭ്യമാണെങ്കിൽ ആകെ തൊഴിലാളികളുടെ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് സ്ത്രീ/പുരുഷ വിഭാഗങ്ങളാക്കി വേർതിരിച്ച് ലഭ്യമാക്കാമോ; | |
| (സി) തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാതെ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കണ്ടെത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും ടി തൊഴിലാളികളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം സെക്ഷൻ 5 എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.